ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോള ഭക്ഷ്യ-പോഷകാഹാര സുരക്ഷയ്ക്കു പ്രതിവിധികൾ നൽകുന്ന രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**PM Modi Says, India is a food surplus country, working to provide solutions for global food security.**

2. വയനാട്ടിലെ ഉരുൾപൊട്ടലിൽ ദുരിതബാധിതർക്കുള്ള ധനസഹായം വേഗത്തിലാക്കാൻ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ.

**Government Mandates Public Sector Insurance Companies to Expedite Support for Kerala Landslide Victims.**

3. സുരക്ഷിത മേഖലയിൽ പുതിയ ടൗൺഷിപ്പ് നിർമ്മിച്ച് സമഗ്ര പുനരധിവാസം സാധ്യമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan says, a new township will be built in a safe zone and comprehensive rehabilitation will be ensured.**

4. മരിച്ചവരുടെ ആശ്രിതർക്ക് സഹായമേകാൻ നാലുകോടി രൂപ അനുവദിച്ച് കേരള സർക്കാർ.

**Kerala govt sanctions Rs 4 crore to help the next of kin of the deceased.**

5. **പാരിസ് ഒളിമ്പിക്സ് ഷൂട്ടിങ്ങിൽ ഹാട്രിക് മെഡൽ സ്വന്തമാക്കാനാകാതെ മനു ഭാക്കർ; അമ്പെയ്ത്തിൽ ദീപിക കുമാരിയും പുറത്ത്.**

**Paris Olympics: Deepika Kumari loses in Quarterfinal round of Archery; Manu Bhakar finishes fourth in final of Women's 25 meters pistol.**

**&&&&&&&&&&&&**

## MEA-PREZ VISIT

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു തിങ്കളാഴ്ച ഫിജിയിലേക്ക് യാത്ര തിരിക്കും. ഈ മാസം 10 വരെ ഫിജി, ന്യൂസിലാൻഡ്, തിമോർ-ലെസ്റ്റ് എന്നീ രാജ്യങ്ങൾ രാഷ്ട്രപതി സന്ദർശിക്കും.

**&&&&&&&&&&&&**

## HEADLINE 1
## PM – ECONOMIST

ആഗോള ഭക്ഷ്യ-പോഷകാഹാര സുരക്ഷയ്ക്കു പ്രതിവിധികൾ നൽകുന്ന ഭക്ഷ്യ-മിച്ച രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ കാർഷിക സാമ്പത്തിക വിദഗ്ധരുടെ 32-ാാം അന്താരാഷ്ട്ര സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സുസ്ഥിര കൃഷിരീതിക്ക് 2024-25 ലെ കേന്ദ്ര ബജറ്റിൽ വലിയ പരിഗണനയാണ് നൽകിയിട്ടുള്ളതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. 65 വർഷത്തിനുശേഷമാണ് ഇന്ത്യയിൽ കാർഷിക സാമ്പത്തിക വിദഗ്ധരുടെ അന്താരാഷ്ട്ര സമ്മേളനം നടക്കുന്നത്.

**&&&&&&&&&&&&**

## HEADLINE 2
## WAYANAD

വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ മേഖലകളിൽ ഇന്നും ഊർജ്ജിത രക്ഷാ ദൗത്യം നടന്നു. യന്ത്രോപകരണങ്ങളും അത്യാധുനിക സെൻസറുകളും വിന്യസിച്ച് ആറു മേഖലകൾ കേന്ദ്രീകരിച്ചാണ് തിരച്ചിൽ നടന്നത്. പ്രദേശവാസികളും തിരച്ചിലിന്റെ ഭാഗമായി. ഉരുൾപൊട്ടൽ ദുരന്തത്തിൽ 30 കുട്ടികൾ ഉൾപ്പടെ 218 പേരുടെ മരണം സർക്കാർ

ഔദ്യോഗികമായി സ്ഥിരീകരിച്ചു. 152 പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 200-ലധികം പേരെയാണ് ഇനി കണ്ടെത്താനുള്ളത്. രണ്ടായിരത്തോളം പേരെ രക്ഷപ്പെടുത്തി. വയനാട് ജില്ലയിലെ തൊണ്ണൂറിലേറെ ദുരിതാശ്വാസ ക്യാമ്പുകളിലായി നിലവിൽ പതിനായിരത്തോളം പേരാണ് കഴിയുന്നത്.

&&&&&&&&&&&&

## HEADLINE 3

## CM PRESS MEET

സുരക്ഷിത മേഖലയിൽ പുതിയ ടൗൺഷിപ്പ് നിർമ്മിച്ച് സമഗ്ര പുനരധിവാസം സാധ്യമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വയനാട്ടിലെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് അനുയോജ്യമായ പ്രവചന സംവിധാനങ്ങൾ വികസിപ്പിക്കാനുള്ള പഠനം നടത്താൻ കോട്ടയത്തെ കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രത്തോട് ആവശ്യപ്പെടുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉൾപ്പടെ നിരവധി പേർ പുനരധിവാസത്തിന്റെ ഭാഗമായി വീട് നിർമിച്ചു നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. കഴിയുന്നത്രയും പേർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനസഹായം നൽകണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു.

&&&&&&&&&&&&

## GOVT - INSURANCE COMPANY- INTRO

കേരളത്തിലെ ഉരുൾപൊട്ടൽ ദുരന്തത്തിലുണ്ടായ നാശനഷ്ടങ്ങൾ കണക്കിലെടുത്ത്, ദുരന്തബാധിതർക്ക് ഇൻഷുറൻസ് തുക വേഗത്തിൽ നൽകാൻ, ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഇൻഷുറൻസ് കമ്പനികൾക്ക് കേന്ദ്ര സർക്കാർ നിർദേശം നൽകി. ദുരന്തത്തിന് ഇരയായവർക്ക് ആവശ്യമായ സഹായം കാലതാമസവും ബുദ്ധിമുട്ടും കൂടാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ധനമന്ത്രാലയം വ്യക്തമാക്കി.

വിശാംശങ്ങളിലേക്ക്...

(വോയിസ്)

## GOVT - INSURANCE COMPANY-VOICE

ഉരുൾപൊട്ടൽ ദുരന്തത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ഇൻഷുറൻസ് പോളിസി ഉടമകൾക്ക്, ക്ലെയിമുകൾ വേഗത്തിൽ തീർപ്പാക്കി പണം നൽകാൻ നടപടി സ്വീകരിക്കണമെന്ന് പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾക്കാണ് കേന്ദ്രം നിർദേശം നൽകിയത്. എൽഐസി, നാഷണൽ ഇൻഷുറൻസ്, ന്യൂ ഇന്ത്യ അഷ്വറൻസ്, ഓറിയൻ്റൽ ഇൻഷുറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് എന്നീ സ്ഥാപനങ്ങളോട് വേഗത്തിൽ നടപടികൾ പൂർത്തിയാക്കാൻ നിർദേശിച്ചിട്ടുണ്ട്. പിഎം ജീവൻ ജ്യോതി ബീമാ യോജനയ്ക്ക് കീഴിലുള്ള പോളിസി ഉടമകളുടെ ക്ലെയിം തുക ഉടൻ വിതരണം ചെയ്യാൻ എൽഐസിയോട് സർക്കാർ ആവശ്യട്ടു. വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം, തൃശൂർ ജില്ലകളിലാണ് ഇൻഷുറൻസ് ക്ലെയിമുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇവിടങ്ങളിൽ പോളിസി ഉടമകളെ ബന്ധപ്പെടാനായി സമൂഹമാധ്യമങ്ങൾ, പ്രാദേശിക ദിനപത്രങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മാർഗങ്ങളിലൂടെ ഇൻഷുറൻസ് കമ്പനികൾ ശ്രമം ആരംഭിച്ചു. ക്ലെയിം തുകയുടെ വേഗത്തിലുള്ള വിതരണം ഉറപ്പാക്കാൻ ആവശ്യമായ ഡോക്യുമെൻ്റേഷനിലും സർക്കാർ സമഗ്രമായ ഇളവ് വരുത്തിയിട്ടുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&

## HEADLINE 4
## WAYANAD - G R ANIL

ഉരുൾപൊട്ടലിൽ മരിച്ചവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർക്ക് നാല് കോടി രൂപ അനുവദിച്ചു. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് ഈ മാസത്തെ റേഷൻ വിഹിതം സൗജന്യമായി നൽകുമെന്ന് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു.

&&&&&&&&&&&&

## VEENA GEORGE- DNA - WAYANAD

മൃതദേഹങ്ങളും ശരീര ഭാഗങ്ങളും തിരിച്ചറിയുന്നതിനായി, ജീവിച്ചിരിക്കുന്നവരുടെ ഡിഎൻഎ സാമ്പിളുകൾ പരിശോധനയ്ക്ക് എടുക്കുമ്പോൾ, മാനസികമായി അവരെ സജ്ജമാക്കുന്നതിന് ആരോഗ്യ

വകുപ്പ് മാനദണ്ഡങ്ങൾ തയ്യാറാക്കിയാതായി മന്ത്രി വീണ ജോർജ്. ദുരന്തത്തിന്റെ ആഘാതവും, കാണാതായവരെക്കുറിച്ചുള്ള ആശങ്കയും അനുഭവിക്കുന്നവരെ മാനസികമായി പരിശോധനക്ക് സജ്ജമാക്കുന്നതിന്, ലക്ഷ്യമിട്ടുള്ളതാണ് മാനദണ്ഡങ്ങളെന്ന് മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&

## DRONE SURVEY

മുണ്ടക്കൈ - ചൂരൽമല ദുരിതബാധിത പ്രദേശങ്ങളിൽ ഡ്രോൺ സർവ്വേ നടത്തുമെന്ന് സംസ്ഥാന മന്ത്രിസഭാ ഉപസമിതി വാർത്താസമ്മേളനത്തിൽ അറിയിച്ചു. മേഖലയിലെ പഴയകാല ചിത്രവുമായി താരതമ്യം ചെയ്യാവും തിരച്ചിൽ. ഉരുൾപൊട്ടലിൽ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മൺകൂനകളുടെ ഉയർച്ച വ്യത്യാസം മനസ്സിലാക്കി പരിശോധന ശക്തമാക്കും.

&&&&&&&&&&&&

## RAIN KERALA

കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെയുള്ള ന്യൂനമർദ പാത്തിയുടെ ഫലമായി സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&

## KARKKIDAKA VAVUBALI

കകർക്കടകവാവ് ദിനമായ ഇന്ന് പിതൃസ്മരണയിൽ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ ബലിതർപ്പണ ചടങ്ങുകൾ നടന്നു. പുലർച്ചെ മുതൽ ചടങ്ങുകൾ ആരംഭിച്ചു. പലയിടങ്ങളിലും വൻ തിരക്കാണ് അനുഭവപ്പെട്ടത്. തിരക്ക് നിയന്ത്രിക്കുന്നതിനായി, കൊച്ചി മെട്രോയും കെഎസ്ആർടിസിയും അധിക സർവ്വീസ് നടത്തി. അമാവാസി രണ്ടു ദിവസങ്ങളിലായതിനാൽ ചിലയിടങ്ങളിൽ നാളെയാണ് വാവുബലി.

&&&&&&&&&&&&

## REV SHAH - HAR GHAR TIRANGA

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഈ മാസം 9 മുതൽ 15 വരെ 'ഹർ ഘർ തിരംഗ' പ്രചാരണപരിപാടിയുടെ ഭാഗമായി എല്ലാവീടുകളിലും ദേശീയപതാക ഉയർത്തണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഹർ ഘർ തിരംഗ പ്രചാരണപരിപാടി രണ്ട് വർഷത്തിനിടെ പുതിയ ദേശീയപ്രസ്ഥാനമായി മാറിയെന്നും ശ്രീ ഷാ പറഞ്ഞു.

&&&&&&&&&&&&

## RAMDAS ATHWALE

പാരിസ്ഥിതിക സംരംഭങ്ങളിൽ ഇന്ത്യ-യുഎഇ സഹകരണം വർധിക്കുന്നതായി കേന്ദ്ര സാമൂഹ്യനീതി സഹമന്ത്രി രാംദാസ് ആഠ്‌വലെ. പാരിസ്ഥിതിക സുസ്ഥിരതയുമായി ബന്ധപ്പെട്ട് ദുബായിൽ ഇന്ത്യൻ ബിസിനസ് ആൻഡ് പ്രൊഫഷണൽ കൗൺസിൽ-IBPC സംഘടിപ്പിച്ച സമ്മേളനത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. സുസ്ഥിര അടിസ്ഥാന സൗകര്യത്തിലും പുനരുപയോഗ ഊർജ ഉൽപ്പാദനത്തിലും യുഎഇ നടത്തുന്ന പ്രവർത്തനങ്ങൾ, ഈ ദിശയിലുള്ള ഇന്ത്യയുടെ മുന്നേറ്റവുമായി യോജിച്ചു പോകുന്നുവെന്ന് ശ്രീ ആഠ്‌വലെ അഭിപ്രായപ്പെട്ടു. ആഗോള കാലാവസ്ഥാ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിലും ചാക്രിക സാമ്പത്തിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും ഇന്ത്യ-യുഎഇ സഹകരണം വർധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള സമിതിയാണ് IBPC.

&&&&&&&&&&&&

## HEADLINE 5
## OLYMPICS

പാരിസ് ഒളിമ്പിക്സിൽ ഷൂട്ടിങ്ങിലും അമ്പെയ്ത്തിലും ഇന്ന് മെഡൽ നേടാനാകാതെ ഇന്ത്യ. മൂന്നാം മെഡൽ പ്രതീക്ഷിച്ചിറങ്ങിയ മനു ഭാകർ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഫൈനലിൽ നാലാമതായി. വനിതാവിഭാഗം അമ്പെയ്ത്ത് വ്യക്തിഗത മത്സരങ്ങളിൽ ദീപിക കുമാരിയും ഭജൻ കൗറും പരാജയപ്പെട്ടു. പുരുഷ ഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യ നാളെ ബ്രിട്ടനെ നേരിടും.

&&&&&&&&&&&&

## INDIA-SRILANKA CRICKET

ഇന്ത്യ-ശ്രീലങ്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരം നാളെ. ഉച്ചയ്ക്ക് 2.30ന് കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന ആദ്യ ഏകദിനം 'ടൈ' ആയിരുന്നു. മൂന്നു മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

&&&&&&&&&&&&

## YAMINI KRISHNAMOORTHY

പ്രശസ്ത നർത്തകി യാമിനി കൃഷ്ണമൂർത്തി അന്തരിച്ചു. 83 വയസ്സായിരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 2016 ൽ രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ചിട്ടുണ്ട്.

&&&&&&&&&&&&

## REV. ORGAN DONATION - ANUPRIYA

പതിനാലാമത് ഇന്ത്യൻ അവയവദാനദിനത്തോടനുബന്ധിച്ച് ദേശീയ അവയവ-ശരീരകലാദാന സംഘടന ന്യൂഡൽഹിയിൽ അവയവദാന ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ദേശീയ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നേതൃത്വത്തിലാണ് പരിപാടി നടന്നത്. മസ്തിഷ്കാഘാതത്തെ തുടർന്ന് അന്തരിച്ച കുടുംബാംഗങ്ങളുടെ അവയവങ്ങൾ ദാനം ചെയ്തവരെ കേന്ദ്ര സഹമന്ത്രി അനുപ്രിയ പട്ടേൽ അനുമോദിച്ചു. അവയവമാറ്റ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ ആരോഗ്യപ്രവർത്തകർക്കും ജീവിതത്തിലേക്ക് തിരികെയെത്തിയവർക്കും ആശംസകൾ നേർന്ന കേന്ദ്രമന്ത്രി കഴിഞ്ഞ പത്തുവർഷത്തിനിടയിൽ അവയവദാനം നാലുമടങ്ങു വർധിച്ചതായും വ്യക്തമാക്കി.

&&&&&&&&&&&&

## UTHARAKHAND

ഉത്തരാഖണ്ഡിൽ, കനത്ത മഴയിലും മണ്ണിടിച്ചിലിലും ഒറ്റപ്പെട്ടുപോയവരെ സുരക്ഷിതമായി പുറത്തെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ മൂന്നാം ദിനവും തുടർന്നു. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ സേന അംഗങ്ങൾ ഹെലികോപ്ടറുകൾ ഉപയോഗിച്ചു യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. കേദാർനാഥ് ധാമിലേക്കുള്ള ആയിരത്തോളം

തീർഥാടകരാണ് പലയിടങ്ങളിലായി കുടുങ്ങിക്കിടക്കുന്നത്. ഇതുവരെ ഏഴായിരത്തോളം തീർഥാടകരെയും നാട്ടുകാരെയും രക്ഷപ്പെടുത്തി.

&&&&&&&&&&&&

## HP-FLOOD

ഹിമാചൽ പ്രദേശിലെ ഷിംല, മണ്ഡി ജില്ലകൾ ഉൾപ്പെടെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ, സൈന്യത്തിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജിതം. ഷിംലയിലെ സമേജ് ഗ്രാമത്തിൽ സൈനിക ഉദ്യോഗസ്ഥർക്കൊപ്പം എൻജിനിയറിങ്, മെഡിക്കൽ സംഘത്തെയും വിന്യസിച്ചിട്ടുണ്ട്. ഇവിടെ സൈന്യം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും നടപ്പാലം നിർമ്മിക്കുകയും ചെയ്യു. മണ്ഡിയിലെ ബരോട്ട് ഗ്രാമത്തിൽ കഴിഞ്ഞ ദിവസമുണ്ടായ, മേഘവിസ്ഫോടനത്തിൽ കാണാതായ 10 പേർക്കായി തിരച്ചിൽ പുരോഗമിക്കുന്നു.

&&&&&&&&&&&&

## NHRC -DELHI

ഡൽഹി സർക്കാറിന്റെ ഉടമസ്ഥതയിലുള്ള ഷെൽട്ടർ ഹോമിൽ ഒരു മാസത്തിനുള്ളിൽ 12 അന്തേവാസികൾ മരിച്ച സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. നാലാഴ്ചക്കകം വിശദമായ റിപ്പോർട്ട് നൽകാൻ ഡൽഹി ചീഫ് സെക്രട്ടറിക്കും പൊലീസ് കമ്മീഷണർക്കും നോട്ടീസ് അയച്ചു. ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണ് ഷെൽട്ടർ ഹോമിൽ നടക്കുന്നതെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിരീക്ഷിച്ചു.

&&&&&&&&&&&&
&&&&&&&&&
&&&